## പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ
## യുവജന പ്രസ്ഥാനം

# ഭരണഘടന

**പരിശുദ്ധ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചത്**

സെന്റ് തോമസ് ഭവൻ
ഓർത്തഡോക്സ് യൂത്ത് സെന്റർ
ചുങ്കം, കോട്ടയം

# ഒന്നാം ഭാഗം

## I. പൊതുവായത്

**A. പേര് (Name)**

ഈ പ്രസ്ഥാനത്തിന്റെ പേര് പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം (The Orthodox Christian Youth Movement of the East) എന്നായിരിക്കും. OCYM എന്ന ചുരുക്കപ്പേര് കൂടി ഉപയോഗിക്കാവുന്നതാണ്.

**B ഉദ്ദേശ്യം/ലക്ഷ്യം**

ആരാധന, പഠനം, സേവനം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി യുവജനങ്ങളുടെ ആദ്ധ്യാത്മിക ജീവൻ പുഷ്ടിപ്പെടുത്തുകയും സഭയുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക.

**1. ആരാധന**

സഭയുടെ ആരാധനാ മൂല്യങ്ങളെ മനസിലാക്കുന്നതിനും ക്രമമായി ആരാധനയിലും വിശുദ്ധ കുർബ്ബാനാനുഭവത്തിലും വളരുന്നതിനും പ്രേരിപ്പിക്കുക.

**2. പഠനം**

കാതോലിക്കവും അപ്പോസ്തോലികവുമായ വിശുദ്ധ സഭയുടെ പാരമ്പര്യങ്ങളും വിശ്വാസ സത്യങ്ങളും പ്രത്യേകിച്ച് വി. വേദപുസ്തകവും വേദശാസ്ത്രവും സഭാ ചരിത്രവും സാമൂഹ്യവും സാമ്പത്തികവുമായ ഇതര വിഷയങ്ങളും പഠിക്കുന്നതിനു സഹായിക്കുക.

**3. സേവനം**

ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിലും സുവിശേഷ വേലയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സാമൂഹ്യ രംഗങ്ങളിലും ക്രിസ്തീയ മൂല്യങ്ങൾക്കനുസരണമായി പ്രവർത്തിക്കുന്നതിനു യുവാക്കളെ സന്നദ്ധരാക്കുക.

**C. പരമാധികാരി / പരമ രക്ഷാധികാരി (PATRON)**

1934 ലെ ഭരണ ഘടന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട്, പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കാ ഈ പ്രസ്ഥാനത്തിന്റെ പരമാധികാരി ആയിരിക്കുന്നതാകുന്നു. പ്രസ്ഥാനം സംബന്ധിച്ചുള്ള തർക്കങ്ങളുടെ അവസാന അപ്പീൽ അധികാരം

പരമാധികാരിയിൽ നിക്ഷിപ്തമായിരിക്കുന്നതും അദ്ദേഹം ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

**D. വ്യാപ്തി**

പൗരസ്ത്യ കാതോലിക്കായുടെ ഭരണ സീമയിലുള്ള എല്ലാ ഇടവകകളിലും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഉണ്ടായിരിക്കുന്നതാണ്.

**E. ചിഹ്നം**

മേൽ സൂചിപ്പിച്ചിരിക്കുന്നത് പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ചിഹ്നമായിരിക്കുന്നതാണ്. ടി ചിഹ്നത്തിന്റെ ഇടതു പകുതി മെറൂൺ നിറവും വലതുപകുതി മഞ്ഞ നിറവും ആയിരിക്കും.

**F. പതാക**

പ്രസ്ഥാനത്തിന് ഒരു അംഗീകൃത പതാക ഉണ്ടായിരിക്കേണ്ടതും അത് 3 അടി നീളവും 2 അടി വീതിയുമുള്ള മഞ്ഞ തുണിയിൽ ആയിരിക്കേണ്ടതും അതിന്റെ മദ്ധ്യഭാഗത്തായി പ്രസ്ഥാനത്തിന്റെ ചിഹ്നം മുദ്രണം ചെയ്തിരിക്കേണ്ടതും ആകുന്നു.

**G. ഓഫീസ്**

പ്രസ്ഥാനത്തിന്റെ കേന്ദ്ര ഓഫീസ് കോട്ടയം പഴയ സെമിനാരിക്ക് സമീപമുള്ള സെന്റ് തോമസ് ഭവൻ ഓർത്തഡോക്സ് യൂത്ത് സെന്റർ ആകുന്നു.

**H. സാമ്പത്തിക വർഷം**

പ്രസ്ഥാനത്തിന്റെ സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ആയിരിക്കുന്നതാണ്.

# രണ്ടാം ഭാഗം

## II. അംഗത്വവും ഇടവക യൂണിറ്റുകളും

**A. അംഗത്വ വ്യവസ്ഥ**

1. 15 വയസുമുതൽ 40 വയസുവരെയുള്ള യുവാക്കൾക്കും യുവതികൾക്കും അതാത് ഇടവകയിലെ പ്രസ്ഥാനം യൂണിറ്റിൽ അംഗങ്ങളായിരിക്കാവുന്നതാണ്. 40 വയസിനുമേൽ പ്രായമുള്ള വർക്ക് പ്രസ്ഥാനത്തിന്റെ സ്നേഹിതർ (Senior Friends) ആയി തുടരാവുന്നതാണ്. എന്നാൽ അവർക്ക് ഭാരവാഹിത്വമോ വോട്ടവകാശമോ ഉണ്ടായിരിക്കുന്നതല്ല.

2. ബാഹ്യ കേരളാ ഭദ്രാസനങ്ങളിൽ പ്രസ്ഥാനാംഗങ്ങളുടെ പ്രായപരിധി 15 വയസുമുതൽ 45 വയസ് വരെ ആയിരിക്കുന്നതാകുന്നു. 45 ന് മേൽ പ്രായമുള്ളവർക്ക് പ്രസ്ഥാനത്തിന്റെ സ്നേഹിതർ (Senior Friends) ആയി തുടരാവുന്നതാണ്. എന്നാൽ അവർക്ക് ഭാരവാഹിത്വമോ വോട്ടവകാശമോ ഉണ്ടായിരിക്കുന്നതല്ല.

3. ഒരാൾക്ക് ഒരു സമയം ഒന്നിലധികം യൂണിറ്റുകളിൽ അംഗമായിരിക്കാവുന്നതല്ല.

4. കേന്ദ്രസമിതി നിശ്ചയിക്കുന്ന അംഗത്വ ഫീസും വാർഷിക വരിസംഖ്യകളും ഓരോ അംഗവും നൽകിയിരിക്കേണ്ടതാകുന്നു.

5. ഓരോ അംഗവും വർഷത്തിൽ ഒരിക്കലെങ്കിലും വി. കുമ്പസാരം നടത്തി വി.കുർബ്ബാന അനുഭവിച്ചിരിക്കേണ്ടതാകുന്നു.

6. അതാത് ഇടവക യൂണിറ്റുകളുടെ/ശാഖകളുടെ നിശ്ചയാനുസരണം മാസവരി ആദിയായ വരുമാനങ്ങൾ ഓരോ അംഗവും ക്രമമായി കൊടുക്കേണ്ടതാകുന്നു.

7. അംഗത്വ ഫീസും അതാത് ഇടവക യൂണിറ്റ് നിശ്ചയിക്കുന്ന ഇതര നിർബന്ധവരുമാനങ്ങളും തുടർച്ചയായി ആറുമാസക്കാലം കുടിശിക വരുത്തുന്നപക്ഷം അംഗത്വം താനേ നഷ്ടപ്പെടുന്നതാകുന്നു.

8. ക്രിസ്തീയ മൂല്യങ്ങളേയും പ്രസ്ഥാനത്തിന്റെ ആദർശങ്ങളേയും ധിക്കരിച്ച് നടക്കുന്നവരെയും, പ്രസ്ഥാന നിയമങ്ങൾ ലംഘിക്കുന്നവരെയും യൂണിറ്റ് കമ്മിറ്റിയുടെ ശുപാർശ

അനുസരിച്ചു കൂടുന്ന പൊതുയോഗത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി അംഗത്വത്തിൽ നിന്നും നീക്കുന്നതിന് യൂണിറ്റ് പ്രസിഡന്റിനു അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. ഇതു സംബന്ധിച്ചുള്ള അപ്പീൽ അതാത് ഇടവക മെത്രപ്പോലീത്തായുടെ അടുക്കൽ സമർപ്പിക്കാവുന്നതാകുന്നു.

9. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽഇല്ലാതെ അംഗത്വം നഷ്ടപ്പെടുന്ന ആളെ ഏതു കാരണത്താൽ അംഗത്വം നഷ്ടപ്പെട്ടുവോ ആയതിനു പരിഹാരം വരുത്തിയ ശേഷം യൂണിറ്റ് കമ്മറ്റിയുടെ ശുപാർശപ്രകാരം യൂണിറ്റ് പ്രസിഡന്റിനു തിരികെ ചേർക്കാവുന്നതാകുന്നു. എന്നാൽ അങ്ങനെ ചേർക്കപ്പെടുന്ന ആളിന് ആറ് മാസത്തേക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

**B. ഇടവക യൂണിറ്റുകൾ/ശാഖകൾ**

1. ഓരോ ഇടവകയിലും അംഗസംഖ്യയേയും സൗകര്യത്തേയും ആസ്പദമാക്കി ഒന്നോ അതിലധികമോ യൂണിറ്റുകൾ ഇടവക വികാരിയ്ക്ക് സ്ഥാപിക്കാവുന്നതാണ്.

2. ഓരോ യൂണിറ്റും അതാത് കാലത്ത് കേന്ദ്രസമിതി നിശ്ചയിക്കുന്ന തുക അടച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. നിശ്ചിത അപേക്ഷാ ഫോറത്തിന്റെ രണ്ട് പ്രതികൾ പൂരിപ്പിച്ച് ഒരു പ്രതിയും രജിസ്ട്രേഷൻ ഫീസും പ്രസ്ഥാനം ജനറൽ സെക്രട്ടറിയുടെ പേർക്കും ഒരു പ്രതി മെത്രാസന പ്രസ്ഥാനം സെക്രട്ടറിയുടെ പേർക്കും യൂണിറ്റ് സെക്രട്ടറി ഏപ്രിൽ 1 ന് മുൻപ് കിട്ടത്തക്ക വിധം അയച്ചുകൊടുക്കേണ്ടതാണ്.

3. വർഷം തോറും പ്രസ്തുത രജിസ്ട്രേഷൻ ഫീസ് അടച്ച് യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പുതുക്കുന്നതിനുള്ള ഫാറങ്ങൾ പൂരിപ്പിച്ച് ഒരു പ്രതി മെത്രാസന പ്രസ്ഥാനം സെക്രട്ടറിക്കും ഒരു പ്രതി ഫീസ് സഹിതം കേന്ദ്ര ജനറൽ സെക്രട്ടറിക്കും അയച്ചുകൊടുക്കേണ്ടതാണ്.

**C. ഭരണ സമിതി**

1. ഇടവക വികാരി ഓരോ ഇടവക യൂണിറ്റിന്റേയും പ്രസിഡന്റായിരിക്കും.

2. പ്രസിഡന്റിനെ കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറാർ, കമ്മിറ്റി

അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു ഭരണ സമിതി ഉണ്ടായിരിക്കുന്നതാണ്.

3. കമ്മിറ്റിയുടെ സംഖ്യ അതാത് ഇടവക യൂണിറ്റ് പൊതുയോഗം തീരുമാനിക്കേണ്ടതാണ്.

4. ഭരണ സമിതി അംഗങ്ങളെ വർഷം തോറും വാർഷിക സമ്മേളനത്തിനുശേഷം കൂടുന്ന കാര്യാലോചന യോഗത്തിൽവച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

5. അടുത്ത തെരഞ്ഞെടുപ്പുവരെ ഭരണസമിതി ചുമതലയിൽ തുടരേണ്ടതാണ്. മുൻ വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങൾ വീണ്ടും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്.

6. കമ്മിറ്റിയോഗങ്ങൾ പ്രസിഡന്റോ പ്രസിഡന്റിന്റെ അനുമതിയോടെ സെക്രട്ടറിയോ വിളിച്ചുകൂട്ടേണ്ടതാണ്.

7. കമ്മിറ്റിയുടെ മിനിട്സ്, പൊതുയോഗങ്ങളുടെ മിനിട്സ് എന്നിവ സെക്രട്ടറിയും വരവുചെലവുകണക്ക് ട്രഷററും എഴുതി സൂക്ഷിക്കേണ്ടതാണ്.

8. സെക്രട്ടറിയുടെ ചുമതലകൾ നിർവഹിക്കാൻ ജോയിന്റ് സെക്രട്ടറി പ്രത്യേകം സഹകരിക്കേണ്ടതാകുന്നു. സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുവാദത്തോടെ സെക്രട്ടറിയുടെ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

## D. യൂണിറ്റ് യോഗങ്ങൾ

1. ഇടവക യൂണിറ്റ് യോഗങ്ങൾ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും കൂടേണ്ടതാണ്.

2. പ്രസിഡന്റോ, പ്രസിഡന്റിന്റെ അനുമതിയോടു കൂടി സെക്രട്ടറിയോ യൂണിറ്റ് യോഗങ്ങളും വിശേഷാൽ യോഗങ്ങളും വിളിച്ചു കൂട്ടേണ്ടതാണ്.

3. അംഗങ്ങളിൽ മൂന്നിൽ ഒന്ന് ഭാഗം രേഖാ മൂലം ആവശ്യപ്പെട്ടാൽ പ്രസിഡന്റ് പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാണ്.

4. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും അഭാവത്തിൽ യോഗം തെരഞ്ഞെടുക്കുന്ന ഒരാളിന്റെ അദ്ധ്യക്ഷതയിൽ യോഗം നടത്താവുന്നതാണ്.

5. നിയമപ്രകാരം വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ മൂന്നിൽ ഒരു ഭാഗം അംഗങ്ങൾ ഉണ്ടെങ്കിൽ കോറം തികയുന്നതാണ്. ഒരു പ്രാവശ്യം കോറം തികയാതെ മാറ്റിവച്ച യോഗം പിന്നീട് നോട്ടീസ് കൊടുത്തുകൂടുമ്പോൾ കോറം നോക്കേണ്ടതില്ല.

6. തീരുമാനം വോട്ടുമൂലം നിശ്ചയിക്കേണ്ടിവന്നാൽ വോട്ട് തുല്യമാകുമ്പോൾ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതാണ്.

E. **റിക്കാർഡുകൾ/രേഖകൾ**

ഓരോ യൂണിറ്റിന്റേയും മിനിട്സ്, അംഗങ്ങളുടെ പേരു രജിസ്റ്റർ, ഹാജർ ബുക്ക്, ആവശ്യമായ മറ്റ് രേഖകൾ എന്നിവ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

F. **ഉപവകുപ്പുകൾ സംബന്ധിച്ച്**

ടി ഭരണ ഘടനയ്ക്ക് വിധേയമായി യൂണിറ്റ് പ്രവർത്തനങ്ങൾക്ക് സഹായകമാംവണ്ണം ഉപചട്ടങ്ങൾ ഉണ്ടാക്കി ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുവാൻ യൂണിറ്റുകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

G. **അപ്പീലുകൾ സംബന്ധിച്ച്**

2. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഇടവകയിൽ എവിടെയെങ്കിലും എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ ടി ഭരണഘടനയ്ക്ക് വിധേയമായി തീരുമാനം ചെയ്യുന്നതിന് ഇടവക മെത്രാപ്പോലീത്തയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാകുന്നു.

# മൂന്നാം ഭാഗം

## III. മെത്രാസന പ്രവർത്തനങ്ങൾ

A. **പൊതുവായത്**

1. മെത്രാസന യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ഇടവക മെത്രപ്പൊലീത്താ ആയിരിക്കുന്നതാണ്.

2. അതാത് ഇടവക മെത്രാപ്പോലീത്തയാൽ നിയമിതനാകുന്ന മെത്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവർ ഉണ്ടായിരിക്കുന്നതും അവരുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതുമാണ്.

3. മെത്രാപ്പോലീത്തയ്ക്ക് ആവശ്യമെന്ന് തോന്നുന്നപക്ഷം ഒന്നിലധികം ജോയിന്റ് സെക്രട്ടറിമാരെ നിയമിക്കാവുന്നതാണ്. എന്നാൽ ഭദ്രാസന മെത്രാപ്പോലീത്ത രേഖാമൂലം അറിയിക്കുന്ന ഒരു ജോയിന്റ് സെക്രട്ടറിക്ക് മാത്രമേ സെൻട്രൽ കമ്മിറ്റിയിൽ അംഗത്വമുണ്ടായിരിക്കുകയുള്ളൂ. ഒന്നിലധികം സെക്രട്ടറിമാർ അനുവദനീയമല്ല.

4. ഒന്നിലധികം ജോയിന്റ് സെക്രട്ടറിമാരെ നിയമിക്കുന്നപക്ഷം ഒരാൾ യുവതിയായിരിക്കേണ്ടതാകുന്നു.

5. കേന്ദ്രവും മെത്രാസനവും തമ്മിലുള്ള ബന്ധം സംരക്ഷിക്കുക, മെത്രാസനത്തിലെ സംഘടനാപരമായ പ്രവർത്തനങ്ങൾ, മെത്രാസന ഓഫീസ് സൂക്ഷിപ്പ് എന്നിവ മെത്രാസന യുവജന പ്രസ്ഥാനം സെക്രട്ടറിയുടെ ഉത്തരവാദിത്തങ്ങളിയിരിക്കും.

**B. മെത്രാസന ട്രഷറാർ**

മെത്രാസന യുവജന പ്രസ്ഥാനത്തിന് മെത്രാസന അസംബ്ലി തെരഞ്ഞെടുക്കുന്ന ഒരു ട്രഷറാർ ഉണ്ടായിരിക്കേണ്ടതാകുന്നു. മെത്രാസന യുവജന പ്രസ്ഥാനത്തിന്റെ ധനപരമായ ചുമതല കൾ ട്രഷറാറിൽ നിക്ഷിപ്തമായിരിക്കും. മെത്രാസന യുവജന പ്രസ്ഥാനത്തിന് ലഭിക്കുന്ന പണം മെത്രാപ്പോലീത്തായുടെയും ട്രഷറാറുടെയും പേരിൽ മെത്രാസന കമ്മിറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

**B. മെത്രാസന ഓഡിറ്റർമാർ**

ആവശ്യമെന്നു തോന്നുന്നപക്ഷം ജനറൽ അസംബ്ലിയിൽ നിന്നും ഓഡിറ്റർമാരെ തെരഞ്ഞെടുക്കാവുന്നതാണ്. ഇവരുടെ കാലാ വധി മൂന്ന് വർഷമായിരിക്കും.

**D. ഡിസ്ട്രിക്റ്റ് /ഗ്രൂപ്പ് പ്രവർത്തനങ്ങൾ**

1. മെത്രാസനത്തെ സൗകര്യപ്രദമാം വിധം വിവിധ ഡിസ്ട്രിക്റ്റു കളായിതിരിച്ച് ഓരോ ഡിസ്ട്രിക്റ്റിനും പ്രസിഡന്റിനേയും ഓർഗനൈസറേയും മെത്രപ്പോലീത്ത നിയമിക്കുന്നതാണ്. ഇവരുടെ കാലാവധി മൂന്നുവർഷം ആയിരിക്കുന്നതാണ്.

2. **ഡിസ്ട്രിക്റ്റ് പ്രസിഡന്റ്**

ഓരോ ഡിസിട്രിക്റ്റിലേയും ഇടവക വികാരിമാരിൽ ഒരു വൈദികനെ ഡിസ്ട്രിക്റ്റ് പ്രസിഡന്റായി ഇടവക

മെത്രാപ്പോലീത്ത നിയമിക്കുന്നതാണ്. ഡിസ്ട്രിക്റ്റ് കമ്മിറ്റി മീറ്റിംഗുകളിൽ അദ്ധ്യക്ഷം വഹിക്കുക, ഡിസ്ട്രിക്റ്റിൽപെട്ട എല്ലാ യൂണിറ്റുകളിലും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നേതൃത്വം കൊടുക്കുക, ഡിസ്ട്രിക്റ്റ് ഓർഗനൈസർമാർക്ക് മാർഗ്ഗ നിർദ്ദേശം നൽകുക എന്നിവ ഡിസ്ട്രിക്റ്റ് പ്രസിഡന്റിന്റെ ചുമതലയായിരിക്കും.

3. **ഡിസ്ട്രിക്റ്റ് ഓർഗനൈസർമാർ**

a. കേന്ദ്ര ഭദ്രാസന ഭാരവാഹികളുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഡിസ്ട്രിക്ട് ഓർഗനൈസർമാർ പ്രവർത്തിക്കേണ്ടതും മൂന്നു മാസത്തിലൊരിക്കൽ പള്ളികൾ/യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണ്ടതും മൂന്ന് മാസത്തിലൊരിക്കൽ പ്രവർത്തന റിപ്പോർട്ട് ഭദ്രാസന സെക്രട്ടറിക്കും ഇടവക മെത്രപ്പോലീത്തായ്ക്കും അതിന്റെ കോപ്പി കേന്ദ്ര ഓഫീസിലേക്കും അയച്ചു കൊടുക്കേണ്ടതുമാകുന്നു.

b. മൂന്നുമാസത്തിലൊരിക്കലെങ്കിലും ഡിസ്ട്രിക്റ്റ് സമ്മേളനങ്ങൾ മെത്രാസന പ്രസ്ഥാനം സെക്രട്ടറിയുടെ അറിവോടെ ഡിസ്ട്രിക്റ്റ് പ്രസിഡന്റോ, ഡിസ്ട്രിക്റ്റ് ഓർഗനൈസറോ വിളിച്ചുകൂട്ടേണ്ടതാണ്. ഇതിന്റെ പ്രോഗ്രാം ഗ്രൂപ്പ് കമ്മറ്റികൂടി നിശ്ചയിക്കേണ്ടതാണ്.

4. **ഡിസ്ട്രിക്റ്റ് കമ്മിറ്റി**

താഴെപ്പറയുന്നവർ ഡിസ്ട്രിക്റ്റ് കമ്മിറ്റികളിൽ അംഗങ്ങളായിരിക്കുന്നതാണ്.

1. ഡിസ്ട്രിക്റ്റ് പ്രസിഡന്റ്,
2. ഡിസ്ട്രിക്റ്റിൽപ്പെട്ട ഇടവകകളിലെ വികാരിമാർ
3. ഡിസ്ട്രിക്ട് ഓർഗനൈസർ
4. ഡിസ്ട്രിക്ടിൽ നിന്നുള്ള കേന്ദ്ര ഭദ്രാസന കമ്മിറ്റിയംഗങ്ങൾ
5. യൂണിറ്റ് സെക്രട്ടറിമാർ
6. യൂണിറ്റ് ജോയിന്റ് സെക്രട്ടറി

**D. മേഖലാ പ്രവർത്തനങ്ങൾ**

ഭദ്രാസന മെത്രപ്പോലീത്തായ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം പ്രവർത്തന സൗകര്യത്തിനായി ഒന്നിലധികം ഡിസ്ട്രിക്റ്റുകളെ ചേർത്ത് മേഖലകൾ രൂപീകരിച്ച്, ഭദ്രാസന കമ്മിറ്റിയുടെ ശുപാർശയോടെ മേഖലാ സെക്രട്ടറിയെ (Zonal Secretary) നിയമിക്കാവുന്നതാണ്. അവരുടെ കാലാവധി മൂന്ന്

വർഷമായിരിക്കും. മേഖലാ സെക്രട്ടറി ഭദ്രാസന കമ്മറ്റിയിൽ അംഗമായിരിക്കുന്നതാണ്.

**E.** **മെത്രാസന ഭരണം**

മെത്രാസന യുവജന പ്രസ്ഥാനത്തിന്റെ ഭരണം ഇടവക മെത്രാപ്പോലീത്തായ്ക്ക് വിധേയമായി മെത്രാസന ജനറൽ അസംബ്ലി, മെത്രാസന കമ്മറ്റി എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

**F.** **മെത്രാസന അസംബ്ലി**

മെത്രാസന അസംബ്ലിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കുന്നതാണ്.

a. മെത്രാസന യുവജന പ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറാർ

b. മെത്രാസന യുവജന പ്രസ്ഥാനം കമ്മിറ്റി അംഗങ്ങൾ

c. ഡിസ്ട്രിക്റ്റ് പ്രസിഡന്റുമാർ

d. ഇടവക യൂണിറ്റ് പ്രസിഡന്റുമാർ

e. മെത്രാസനത്തിൽ നിന്നുള്ള കേന്ദ്രസമിതി അംഗങ്ങൾ

f. തന്നാണ്ടിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത ഓരോ ഇടവക യൂണിറ്റുകളിൽനിന്നും രണ്ടു പ്രതിനിധികൾവീതം (ഒരു യുവാവും ഒരു യുവതിയും)

2. മെത്രാസന അസംബ്ലി കൂടുന്നതിന് 15 ദിവസം മുൻപ് സ്ഥലവും സമയവും അജണ്ടയും നിശ്ചയിച്ച് പ്രസിഡന്റിന്റെ അനുമതിയോടുകൂടി മെത്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ടതാകുന്നു.

3. മെത്രാസന അസംബ്ലി കൂടി കേന്ദ്ര സമിതിയിലേക്ക് മൂന്നു പേരെ തെരഞ്ഞെടുക്കേണ്ടതും ഇവരിൽ ഒരാൾ യുവതിയായിരിക്കേണ്ടതും ആകുന്നു. ഇവരുടെ കാലാവധി മൂന്നുവർഷമായിരിക്കും.

4. മെത്രാസന അസംബ്ലി കൂടി മെത്രാസന കമ്മിറ്റിയിലേക്ക് ഒരു ഡിസ്ട്രിക്ടിൽ നിന്നും രണ്ടു പ്രതിനിധികളെ വീതം (ഒരു യുവാവും ഒരു യുവതിയും) തെരഞ്ഞെടുക്കാവുന്നതാകുന്നു.

**G.** **മെത്രാസന കമ്മിറ്റി**

1. മെത്രാസനത്തിന്റെ പൊതു പ്രവർത്തനങ്ങൾ മെത്രാസന കമ്മിറ്റികൂടി നിശ്ചയിക്കുകയും ഇടവക മെത്രപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുകയും വേണം.

2. മെത്രാസന കമ്മറ്റിയോഗം ആവശ്യമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ പ്രസിഡന്റിനോ, പ്രസിഡന്റിന്റെ അനുവാദത്തോടുകൂടി സെക്രട്ടറിക്കോ വിളിച്ചു കൂട്ടാവുന്നതാണ്.

3. താഴെപ്പറയുന്നവർ മെത്രാസന കമ്മിറ്റി അംഗങ്ങൾ ആയിരിക്കുന്നതാണ്.

a. പ്രസിഡന്റ്

b. വൈസ് പ്രസിഡന്റ്

c. സെക്രട്ടറി

d. ജോയിന്റ് സെക്രട്ടറിമാർ

e. മെത്രാസന ട്രഷറാർ

f. ഭദ്രാസനത്തിൽ നിന്നുള്ള കേന്ദ്രസമിതി അംഗങ്ങൾ

g. മേഖലാ സെക്രട്ടറിമാർ

h. ഡിസ്ട്രിക്റ്റ് ഓർഗനൈസർമാർ

i. മെത്രാസന അസംബ്ലി തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ

j. സ്ഥാനമൊഴിഞ്ഞ മെത്രാസന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ തുടർന്നുവരുന്ന മൂന്നുവർഷങ്ങളിൽ മെത്രാസന കമ്മിറ്റിയിൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആയിരിക്കും.

## H. കേന്ദ്രവുമായുള്ള ബന്ധം

1. മെത്രാസന പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് ഓരോ വർഷവും ഏപ്രിൽ 30 ന് മുമ്പായി കേന്ദ്ര ജനറൽ സെക്രട്ടറിയുടെ പേർക്ക് മെത്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്.

2. ഓരോ വർഷവും മെയ് 30 നു മുൻപായി മെത്രാസന കമ്മിറ്റി അംഗങ്ങളുടെ മേൽവിലാസം ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

3. മെത്രാസന പ്രസ്ഥാനം സെക്രട്ടറിമാർ കേന്ദ്രനിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതും കേന്ദ്ര ഭരണസമിതിയുടെ തീരുമാനങ്ങൾ മെത്രാസനത്തിൽ നടപ്പിൽ വരുത്തേണ്ടതുമാണ്.

4. മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ നടത്തിപ്പ് സംബന്ധിച്ചുണ്ടാകുന്ന പരാതികൾ, ഇടവക മെത്രപ്പോലീത്താ ഈ ഘടനയ്ക്ക് വിധേയമായി തീരുമാനം ചെയ്യുന്നതുമാണ്.

# നാലാം ഭാഗം

## IV. കേന്ദ്രപ്രവർത്തനങ്ങൾ

A. **പ്രസിഡന്റ്**

1. പരിശുദ്ധ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിക്കുന്ന ഒരു മേൽപട്ടക്കാരൻ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായിരിക്കുന്നതാകുന്നു.

2. **ചുമതലകൾ**

a) ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം അസംബ്ലി, സെൻട്രൽ കമ്മിറ്റി, എക്സ്ക്യൂട്ടീവ് കമ്മിറ്റിയോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക.

b) യൂണിറ്റ്, ഡിസ്ട്രിക്റ്റ്, ഭദ്രാസനതലങ്ങളിൽ സംജാതമാകുന്ന വ്യവഹാരങ്ങൾ, ഭദ്രാസന മെത്രാപ്പോലീത്താ ശുപാർശ ചെയ്യുന്നപക്ഷം അതേക്കുറിച്ച് പഠിച്ച് തീർപ്പ് കൽപ്പിക്കുക.

c) അനുയോജ്യനായ ജനറൽ സെക്രട്ടറിയെ കണ്ടെത്തി നിയമനത്തിനായി പരിശുദ്ധബാവാ തിരുമേനിക്ക് സമർപ്പിക്കുക.

d) അഞ്ചാം ഭാംഗം A, B, C, വകുപ്പുകൾ അനുസരിച്ച് കേന്ദ്രസെക്രട്ടറിമാരെ നിയമിക്കുക.

e) നാലാം ഭാഗം വകുപ്പ് H പ്രകാരം അഞ്ച് കമ്മറ്റി അംഗങ്ങളെ സെൻട്രൽ കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുക.

f) സെൻട്രൽ കമ്മിറ്റിഅംഗങ്ങളുടെ രാജി സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുക.

g) തീരുമാനങ്ങൾ വോട്ടിംഗിലൂടെ നിർണ്ണയിക്കേണ്ടി വരുമ്പോൾ വോട്ടുകൾ തുല്യമാകുന്ന സാഹചര്യത്തിൽ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുക.

**B. വൈസ് പ്രസിഡന്റ്**

1. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം അസംബ്ലിയിൽവച്ച് തെരഞ്ഞെടുക്കപ്പെടുന്ന 40 വയസു തികയാത്ത ഒരു പട്ടക്കാരൻ പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായിരിക്കേണ്ടതാകുന്നു.

2. വൈസ് പ്രസിഡന്റിന്റെ കാലാവധി മൂന്നുവർഷം ആയിരിക്കും.

3. ഒരാളിനെ തുടർച്ചയായി രണ്ടു പ്രാവശ്യത്തിലധികം വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു.

**ചുമതലകൾ**

a. പ്രസിഡന്റിന്റെഅനുവാദത്തോടെ ജനറൽ അസംബ്ലി, കേന്ദ്രകമ്മിറ്റി, എക്സ്ക്യൂട്ടീവ് കമ്മറ്റി യോഗങ്ങളിൽ അദ്ധ്യക്ഷനായിരിക്കുക.

b. കേന്ദ്ര വൈസ് പ്രസിഡന്റ് റീജിയനൽ കമ്മിറ്റിയുടെ പ്രസിഡന്റായിരിക്കും.

**C. ജനറൽ സെക്രട്ടറി**

1. പ്രസ്ഥാനം പ്രസിഡന്റിന്റെ ശുപാർശപ്രകാരം പരമാധികാരി പ്രസ്ഥാനത്തിന് 40 വയസിൽ കവിയാത്ത ഒരു ജനറൽ സെക്രട്ടറിയെ നിയമിക്കുന്നതാണ്. നിയമനം മൂന്നു വർഷ ത്തേക്കായിരിക്കും.

2. എന്നാൽ പ്രസ്ഥാന ജനറൽ അസംബ്ലിയുടെ മൂന്നിൽ രണ്ട് ഭാഗം അഭിപ്രായപ്പെടുകയും അതിനെ പ്രസിഡന്റ് അംഗീകരിക്കുകയും ചെയ്യുന്നപക്ഷം ജനറൽ സെക്രട്ടറിയെ നീക്കം ചെയ്യാൻ പരമാധികാരിയോട് അപേക്ഷിക്കാവുന്നതാണ്.

3. കൂടാതെ പരമാധികാരിക്ക് ആവശ്യമെന്ന് കണ്ടാൽ കാരണം പറയാതെ ജനറൽ സെക്രട്ടറിയെ തൽ സ്ഥാനത്തുനിന്ന് നീക്കം ചെയ്യാവുന്നതുമാണ്.

**ചുമതലകൾ**

a. ജനറൽ സെക്രട്ടറി അസംബ്ലിയുടേയും സെൻട്രൽ കമ്മിറ്റിയു ടേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും സെക്രട്ടറി ആയിരി ക്കുന്നതാണ്.

b. ജനറൽ സെക്രട്ടറി, പ്രസിഡന്റിന്റെയും സെൻട്രൽ കമ്മിറ്റിയു ടേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും സംഘടനാപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും വേണം.

c പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ഭരണ സമിതികൾ വിളിച്ചുകൂട്ടുകയും അസംബ്ലിയുടേയും കമ്മറ്റികളുടേയും മിനിറ്റ്സുകൾ എഴുതി സൂക്ഷിക്കുകയും ഓഫീസ് ചുമതലകൾ നിർവഹിക്കുകയും വേണം.

d. ബാക്കി പത്രം, മുതൽ കടം ,ബഡ്ജറ്റ് മുലതായവ തയ്യാറാക്കി സെൻട്രൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും അവ അംഗീകാര ത്തിനായി പ. സുന്നഹദോസിൽ സമർപ്പിക്കുകയും ചെയ്യുന്നതിന് ട്രഷറാറെ സഹായിക്കേണ്ടതാകുന്നു.

e. 1001 രൂപ വരെയുള്ള തുക ജനറൽ സെക്രട്ടറിക്ക് അനുദിന ചെലവുകൾക്കായി കൈവശം വച്ചുകൊണ്ടിരിക്കാവുന്ന താകുന്നു. അതിൽ കവിഞ്ഞുള്ള തുക അപ്പപ്പോൾ പ്രസ്ഥാനം കണക്കിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാകുന്നു.

f. പ്രസ്ഥാനം വക സ്ഥാവര ജംഗമ സ്വത്തുക്കൾ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ഇരിക്കേണ്ടതാണ്.

## D. കേന്ദ്ര ട്രഷറാർ

1. അസംബ്ലി തെരഞ്ഞെടുക്കുന്ന 40 വയസിൽ കവിയാത്ത ഒരു ട്രഷറാർ പ്രസ്ഥാനത്തിന് ഉണ്ടായിരിക്കേണ്ടതാണ്.
2. ട്രഷറാറുടെ കാലാവധി 3 വർഷമായിരിക്കും.
3. ഒരാളിനെ തുടർച്ചയായി രണ്ട് പ്രാവശ്യത്തിലധികം ട്രഷറാറായി തെരഞ്ഞെടുക്കാവുന്നതല്ല.
4. ബാക്കി പത്രം, മുതൽ, കടം, ബഡ്ജറ്റ് മുലതായവ സെൻട്രൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുകയും അംഗീകാരത്തിനായി പ. സുന്നഹദോസിന് സമർപ്പിക്കുകയും വേണം.
5. പ്രസ്ഥാനത്തിന് ലഭിക്കുന്ന പണം പ്രസിഡന്റിന്റേയും, ജനറൽ സെക്രട്ടറിയുടേയും, ട്രഷറാറുടേയും പേരിൽ സെൻട്രൽ കമ്മിറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

## (F) കേന്ദ്ര ഭരണം

പ്രസ്ഥാനത്തിന്റെ കേന്ദ്രഭരണം പ്രസിഡന്റിന്റെ നിയന്ത്രണ ത്തിനു വിധേയമായി ഓർത്തഡോക്സ് ക്രിസ്ത്യൻ യുവജന പ്രസ്ഥാനം അസംബ്ലി (Orthodox Christian Youth Movement Assembly), പ്രസ്ഥാനത്തിന്റെ സെൻട്രൽ കമ്മിറ്റി (Central Committee) എക്സിക്യൂട്ടീവ് എന്നിവയിൽ നിക്ഷിപ്തമായിരി ക്കുന്നതാകുന്നു.

## (G) ഓർത്തഡോക്സ് ക്രിസ്ത്യൻ യുവജന പ്രസ്ഥാനം അസംബ്ലി

1. അസംബ്ലിയിൽ താഴെ പേരു പറയുന്നവർ അംഗങ്ങളായിക്കേണ്ടതാകുന്നു.

(a) പ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ.

(b) കേന്ദ്ര സെക്രട്ടറിമാർ.

(c) മെത്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി.

(d) സെൻട്രൽ കമ്മറ്റി അംഗങ്ങൾ.

(e) ഡിസ്ട്രിക്റ്റ് ഓർഗനൈസർമാരും ഭദ്രാസന കമ്മിറ്റി അംഗങ്ങൾ, മേഖലാ സെക്രട്ടറിമാർ

(f) പ്രസ്ഥാനം വക പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്റർ, പബ്ലിഷർ, പത്രാധിപസമിതി അംഗങ്ങൾ.

(g) തന്നാണ്ടിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ പുതുക്കിയ ഇടവക യൂണിറ്റുകളിൽ നിന്നും ഒരു പ്രതിനിധി (ഒരു യുവാവോ, ഒരു യുവതിയോ).

2. ജൂൺ 1 മുതൽ പുതിയ ഭരണ സമിതി പ്രവർത്തനം നടത്തത്തക്കവിധം അസംബ്ലി മെയ് 31-ന് മുമ്പ് നടത്തേണ്ടതാകുന്നു. ഭരണ സമിതി കാലാവധി 3 വർഷം. ഏതെങ്കിലും കാരണവശാൽ അസംബ്ലി നടത്താൻ സാധിക്കാതെ വന്നാൽ നിലവിലുള്ള കമ്മിറ്റി പ്രസ്ഥാനം പ്രസിഡന്റിന്റെ അനുവാദത്തോടുകൂടി തുടരാവുന്നതാണ്.

3. അസംബ്ലി കൂടുന്നതിന് 15 ദിവസം മുമ്പ് സ്ഥലവും സമയവും അജണ്ടയും നിശ്ചയിച്ച് പ്രസിഡന്റിന്റെ അനുമതിയോടുകൂടി ജനറൽ സെക്രട്ടറി അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ടതാകുന്നു.

4. ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ ഒന്നോ അല്ലെങ്കിൽ 100 പേരോ, ഇവയിൽ ഏതു കുറവായിരിക്കുമോ അതു അസംബ്ലിയുടെ കോറം ആയിരിക്കുന്നതാകുന്നു.

5. അസംബ്ലി കൂടി വൈസ് പ്രസിഡന്റ്, ട്രഷറർ, പ്രസ്ഥാനം പ്രസിദ്ധീകരണങ്ങളുടെ പത്രാധിപ സമിതിയിലേക്ക് രണ്ടംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. ഇവരുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

## (H) കേന്ദ്ര സമിതി / സെൻട്രൽ കമ്മിറ്റി

1. പ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, കേന്ദ്രസെക്രട്ടറിമാർ, പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്റർ, പബ്ലിഷർ, മെത്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, മെത്രാസന അസംബ്ലി തെരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികൾ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പ്രസിഡന്റ് നോമിനേറ്റ് ചെയ്യുന്ന 5 അംഗങ്ങൾ എന്നിവർ സെൻട്രൽ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. പിരിഞ്ഞു പോകുന്ന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ തുടർന്ന് വരുന്ന കമ്മിറ്റിയിൽ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും.

2. പ്രസ്ഥാനത്തിന്റെ വാർഷിക പരിപാടികൾ നിശ്ചയിക്കുക, പ്രസ്ഥാനപുരോഗതിക്കാവശ്യമായ തീരുമാനങ്ങൾ ചെയ്തു നടപ്പാക്കുക, പ്രസ്ഥാനത്തിന്റെ കണക്കുകൾ കേൾക്കുക എന്നിവ സെൻട്രൽ കമ്മറ്റിയുടെ ചുമതലകൾ ആയിരിക്കും.

3. സെൻട്രൽ കമ്മിറ്റിയുടെ യോഗങ്ങൾക്കു 10 ദിവസം മുമ്പ് നോട്ടീസ് നൽകിയിരിക്കേണ്ടതും കോറം 25 ആയിരിക്കേണ്ടതും ആകുന്നു. കോറം തികയാത്തതിനാൽ യോഗം നടക്കാതെ വന്നാൽ നിയമപ്രകാരം നോട്ടീസ് കൊടുത്ത് കൂടുന്ന അടുത്ത യോഗത്തിൽ കോറം നോക്കേണ്ടതില്ല. തീരുമാനങ്ങൾ ഭൂരിപക്ഷ പ്രകാരം ആയിരിക്കേണ്ടതും ആവശ്യം വന്നാൽ വോട്ടുമൂലം നിർണ്ണയിക്കേണ്ടതും വോട്ടുകൾ തുല്യമാകുമ്പോൾ പ്രസിഡന്റിന് കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതുമാകുന്നു.

4. ആണ്ടിൽ മൂന്നു പ്രാവശ്യമെങ്കിലും സെൻട്രൽ കമ്മിറ്റി കൂടിയിരിക്കേണ്ടതാകുന്നു. കൂടാതെ പ്രസിഡന്റോ പ്രസിഡന്റിന്റെ അനുവാദത്തോടുകൂടി ജനറൽസെക്രട്ടറിയോ കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്. അംഗങ്ങളിൽ മൂന്നിൽ ഒന്ന് ഭാഗം ആവശ്യപ്പെടുന്നപക്ഷം ജനറൽ സെക്രട്ടറി കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്.

5. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും അഭാവത്തിൽ പ്രസിഡന്റ് നിർദ്ദേശിക്കുന്ന ഒരാളിന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റി കൂടാവുന്നതാണ്.

6. കേന്ദ്ര കമ്മിറ്റി അംഗങ്ങളിൽ ആരെങ്കിലും രാജി സമർപ്പിക്കുകയോ തക്കകാരണം കൂടാതെ തുടർച്ചയായി മൂന്നു യോഗങ്ങളിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്താൽ അവരെ ആ സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്. അപ്രകാരം നീക്കം ചെയ്യുന്ന അംഗങ്ങളെ വിവരം രേഖാമൂലം അറിയിച്ചിരിക്കേണ്ടതാകുന്നു. ഒഴിവ് വരുന്ന സ്ഥാനത്തേക്ക് മെത്രാസന അസംബ്ലി കൂടി തെരഞ്ഞെടുപ്പ് നടത്തേണ്ടതും അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ടവരുടെ കാലാവധിയോടൊപ്പം അവസാനിക്കുന്നതുമാകുന്നു.

7. യുവജന പ്രസ്ഥാനം കേന്ദ്ര അസംബ്ലി കൂടുന്ന വർഷംതന്നെ മെത്രാസന അസംബ്ലി വിളിച്ചുകൂട്ടി കേന്ദ്ര കമ്മിറ്റിയിലേക്ക് മൂന്നു പേരെ തെരഞ്ഞെടുക്കേണ്ടതാണ്. ഈ തെരഞ്ഞെടുപ്പ് മെയ് 30 ന് മുൻപ് നടത്തി കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

## (I) എക്സിക്യൂട്ടീവ് കമ്മിറ്റി

1. പ്രസ്ഥാനത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ, ജനറൽ അസംബ്ലിക്ക് ശേഷം ആദ്യം കൂടുന്ന സെൻട്രൽ കമ്മിറ്റിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒമ്പതംഗ എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. കമ്മിറ്റിയുടെ കാലാവധി മൂന്നു വർഷം ആയിരിക്കും.

2. സെൻട്രൽ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുക എക്സ്ക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയാണ്.

3. സെൻട്രൽ കമ്മിറ്റിയുടെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് അടിയന്തിരഘട്ടങ്ങളിൽ അത്യാവശ്യ കാര്യങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ചെയ്യാവുന്നതും അടുത്തുസമ്മേളിക്കുന്ന സെൻട്രൽ കമ്മിറ്റിയിൽ അതിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

## J. ഓഡിറ്റർ

1. പ: എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയിക്കുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് പ്രസ്ഥാനത്തിന്റെ എക്സ്റ്റേണൽ ഓഡിറ്റർ ആയിരിക്കും.

2. അസംബ്ലിക്ക് ശേഷമുള്ള ആദ്യത്തെ സെൻട്രൽ കമ്മിറ്റിയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് പേർ പ്രസ്ഥാനത്തിന്റെ ഇന്റേണൽ ഓഡിറ്റേഴ്സ് ആയിരിക്കും. ഇവരുടെ കാലാവധി 3 വർഷമായിരിക്കും. ഇവർ കേന്ദ്രതലത്തിൽ മറ്റ് ഔദ്യോഗിക ചുമതലകൾ ഈ കാലയളവിൽ സ്വീകരിക്കാൻ പാടുള്ളതല്ല.

3. ട്രഷറാർ സെൻട്രൽ കമ്മറ്റിയിൽ അവതരിപ്പിക്കുന്ന വരവു ചെലവു കണക്കുകൾ ആദ്യം ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധിക്കേണ്ടതും തുടർന്ന് ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യേണ്ടതുമാകുന്നു.

4. ഓഡിറ്റ് റിപ്പോർട്ട് സെൻട്രൽ കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

# അഞ്ചാം ഭാഗം

## V. കേന്ദ്രസെക്രട്ടറിമാരും റീജിയനൽ പ്രവർത്തനങ്ങളും

### A. കേന്ദ്രസെക്രട്ടറിമാരും റീജിയനുകളും

1. പ്രവർത്തന വികേന്ദ്രീകരണത്തിനായി ഒന്നിലധികം ഭദ്രാസന ങ്ങളെ ചേർത്തും പ്രവർത്തന മേഖലകളെ അധികരിച്ചും മേഖലകൾ/റീജിയനുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെ ടുത്തേണ്ടതാകുന്നു.

2. പ്രസ്ഥാനം വൈസ് പ്രസിഡന്റ് റീജിയന്റെ പ്രസിഡന്റായിരിക്കും.

3. മലങ്കര സഭയിലെ ഭദ്രാസനങ്ങളെ ഏഴിൽ കുറയാത്ത റീജിയനുകളായി തിരിക്കേണ്ടതാകുന്നു. ഇവയ്ക്ക് ഒരോന്നിനും ഓരോ കേന്ദ്ര സെക്രട്ടറിയെ പ്രസ്ഥാനം പ്രസിഡന്റ് നിയമിക്കുന്നതാണ്. കേന്ദ്രസെക്രട്ടറിമാർ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

4. കേന്ദ്ര സെക്രട്ടറിയുടെ റീജിയനിൽ ഉൾപ്പെടുന്ന യൂണിറ്റുകളിലെ രണ്ടു പ്രതിനിധികൾ വീതവും (ഒരു യുവാവും ഒരു യുവതി യും), റീജിയണൽ കമ്മിറ്റി അംഗങ്ങൾ, നിർദ്ദിഷ്ട ഭദ്രാസന കമ്മിറ്റി അംഗങ്ങൾ, എന്നിവരും ചേർന്ന് ഒരു റീജിയനൽ അസംബ്ലി ഉണ്ടായിരിക്കുന്നതാണ്. ഈ അസംബ്ലി കേന്ദ്ര സെക്രട്ടറിയെ തെരഞ്ഞെടുത്ത് നിയമനത്തിനായി പ്രസിഡന്റിന് നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

5. നിർദ്ദിഷ്ട റീജിയനിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങളിൽ ഒരു ഭദ്രാസനത്തിന് ഒരു ടേം എന്ന നിലയിൽ റോട്ട അടിസ്ഥാന ത്തിൽ ഒരു അൽമായനെ റീജിയനൽ അസംബ്ലി ചേർന്ന് കേന്ദ്ര സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് പ്രസിഡന്റിന്റെ നിയമനത്തിനായി നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

6. പ്രസ്ഥാനം വൈസ് പ്രസിഡന്റ് റീജണൽ അസംബ്ലിയുടെ പ്രസിഡന്റും കേന്ദ്രസെക്രട്ടറി അസംബ്ലിയുടെ സെക്രട്ടറിയും ആയിരിക്കേണ്ടതാണ്. കേന്ദ്ര ജനറൽ സെക്രട്ടറി, കേന്ദ്ര ട്രഷറാർ എന്നിവർ പ്രത്യേകം ക്ഷണിതാക്കളും ആയിരിക്കേണ്ടതാകുന്നു.

7. പ്രസ്ഥാനം വൈസ് പ്രസിഡന്റ, റീജിയനിലെ കേന്ദ്ര സെക്രട്ടറി, നിർദ്ദിഷ്ട ഭദ്രാസനങ്ങളിലെ വൈസ്പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഭദ്രാസനത്തിൽ

നിന്നുള്ള കേന്ദ്ര കമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്ന് ഒരു റീജിയനൽ കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

8. പ്രസ്ഥാനം വൈസ് പ്രസിഡന്റ് റീജിയനൽ കമ്മിറ്റിയുടെ അദ്ധ്യക്ഷനും റീജിയനിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങളിലെ വൈസ് പ്രസിഡന്റുമാർ കമ്മറ്റിയുടെ വൈസ് പ്രസിഡന്റുമാരും ആയിരിക്കും. കേന്ദ്ര സെക്രട്ടറി ഈ കമ്മിറ്റിയുടെ സെക്രട്ടറി ആയിരിക്കും.

9. ഈ കമ്മിറ്റിക്ക് ഒരു അൽമായ ട്രഷററെ കമ്മിറ്റി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

10. റീജിയനിലെ പ്രവർത്തനങ്ങൾക്ക് രൂപരേഖകൾ ഉണ്ടാക്കുന്നതും നേതൃത്വം നൽകുന്നതും റീജനൽ കമ്മിറ്റി ആയിരിക്കേണ്ടതാണ്.

## B. ഗൾഫ് റീജിയൺ

1. ഗൾഫ് റീജിയനിൽ വാർഷിക റീജിയനൽ കോൺഫറൻസ് നടക്കുന്ന യൂണിറ്റിൽ നിന്നായിരിക്കും കേന്ദ്ര സെക്രട്ടറിയെ തെരഞ്ഞെടുക്കുക. ആയതിന് നിർദ്ദിഷ്ട യൂണിറ്റിന്റെ യോഗം മാത്രം ചേർന്നാൽ മതിയാകും. എന്നാൽ യോഗം, തീയതി എന്നിവ സംബന്ധിച്ച് പ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, നിലവിലുള്ള കേന്ദ്ര സെക്രട്ടറി എന്നിവരെ അറിയിച്ചിരിക്കേണ്ടതാണ്. നാമ നിർദ്ദേശം സ്വീകരിച്ച് നിയമനം നടത്തിയ വിവരം പ്രസിഡന്റ് റീജിയണിലെ എല്ലാ യൂണിറ്റുകളേയും അറിയിക്കുന്നതാണ്.

2. ഗൾഫ് റീജിയനൽ കമ്മിറ്റിയിൽ റീജിയനിൽ ഉൾപ്പെട്ട എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും, മേഖലാ സെക്രട്ടറിമാരും (Zonal Secretaries) യൂണിറ്റ് സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ എന്നിവരും അംഗങ്ങളായിരിക്കേണ്ടതാണ്. പൊതുനിബന്ധന കൾ (വകുപ്പ് എ) പാലിക്കപ്പെടേണ്ടതാണ്.

## C. ഇതര മേഖലകൾ

1. ഭദ്രാസനങ്ങളെ ഉൾപ്പെടുത്തിയുള്ള റീജിയനുകൾ കൂടാതെ പ്രസിദ്ധീകരണങ്ങൾ, കേന്ദ്ര ഓഫീസ്, കലാ കായിക മേഖലയിലെ പ്രവർത്തനങ്ങൾ, പഠന ശിബിരങ്ങൾ, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സെക്രട്ടറി മാരെ പ്രസിഡന്റ് നിയമിക്കുന്നതും അവരുടെ ചുമതലകൾ നിശ്ചയിച്ച് നൽകുന്നതുമാകുന്നു.

2. കേന്ദ്ര സെക്രട്ടറിമാരുടെ എണ്ണം 12 ൽ കവിയാൻ പാടില്ലാത്തതും പ്രായപരിധി പരമാവധി 40 വയസ് ആയിരിക്കേണ്ടതും ആകുന്നു.

3. റീജിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ആറുമാസത്തിലൊരിക്കൽ കേന്ദ്ര ആഫീസിൽ കേന്ദ്ര സെക്രട്ടറി നൽകേണ്ടതാകുന്നു.

4. ഗൾഫ് റീജിയനിൽ ഒഴികെ എല്ലാ റീജിയനിലും കേന്ദ്ര സെക്രട്ടറിയുടെ കാലാവധി രണ്ട് വർഷമായിരിക്കും. ഗൾഫ് റീജിയണിൽ ഒരു വർഷമായിരിക്കും.

# ആറാം ഭാഗം

## VI. യുവതികളുടെ ഭാരവാഹിത്വം സംബന്ധിച്ച്

**A. യൂണിറ്റ് തലം**

1. യൂണിറ്റിലെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ ചുമതലകളൽ ഒരെണ്ണം യുവതികൾ വഹിക്കേണ്ടതാണ്.

2 യൂണിറ്റ് കമ്മറ്റികളിൽ അർഹമായ പ്രാതിനിധ്യം (യുവതികളുടെ അംഗസംഖ്യ അനുസരിച്ച്) നൽകേണ്ടതാണ്.

**B. ഗ്രൂപ്പ്/ഡിസ്ട്രിക്റ്റ് തലം**

1. മെത്രാസന കമ്മറ്റിയിലേക്ക് ഒരു ഡിസ്ട്രിക്ടിൽ നിന്നും രണ്ട് പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതും ആയതിൽ ഒരെണ്ണം യുവതി ആയിരിക്കേണ്ടതുമാകുന്നു.

**C) മെത്രാസന തലം**

1) ഭദ്രാസന ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് യുവതികളേയും നിയമിക്കാവുന്നതാണ്.

2) ഒന്നിലധികം ജോയിന്റ് സെക്രട്ടറിമാരെ നിയമിക്കുന്നപക്ഷം ഒരാൾ യുവതി ആയിരിക്കേണ്ടതാകുന്നു.

**D. കേന്ദ്ര സമിതിയിലേക്കുള്ള അംഗങ്ങൾ**

1) കേന്ദ്ര സമിതിയിലേക്ക് മൂന്നുപേരെ തെരഞ്ഞെടുക്കേണ്ടതും അതിൽ ഒരാൾ യുവതി ആയിരിക്കേണ്ടതുമാണ്.

**E. ജനറൽ അസംബ്ലി പ്രാതിനിധ്യം**

1) മെത്രാസന, റീജിയനൽ അസംബ്ലികളിലേക്ക് തന്നാണ്ടിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകളിൽ നിന്നും പ്രതിനിധികളായി ഒരു യുവാവും ഒരു യുവതിയും സംബന്ധിക്കേണ്ടതാകുന്നു.

2) കേന്ദ്ര ജനറൽ അസംബ്ലിയിലേക്ക് തന്നാണ്ടിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത / രജിസ്ട്രേഷൻ പുതുക്കിയ ഇടവക യൂണിറ്റുകളിൽ നിന്നും ഒരു പ്രതിനിധി (യുവാവോ യുവതിയോ) സംബന്ധിക്കേണ്ടതാണ്.

# ഏഴാം ഭാഗം

## VII. ഭരണഘടനാ ഭേദഗതി സംബന്ധിച്ച്

1. ഈ ഭരണഘടനയിലെ ഏതെങ്കിലും വകുപ്പുകൾക്ക് ഭേദഗതികൾ വരുത്തണമെങ്കിൽ പ്രസ്തുത ഭേദഗതികൾ പ്രസ്ഥാനം അസംബ്ലി പാസാക്കി പ: സുന്നഹദോസിനു സമർപ്പിക്കേണ്ടതാണ്.

2. ഈ ഭരണഘടനയിൽ അസംബ്ലിയുടെ അപേക്ഷ പരിഗണിച്ചോ അല്ലാതെയോ ഏതെങ്കിലും വകുപ്പുകൾ നീക്കംചെയ്യുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ ഭേദഗതികൾ വരുത്തുന്നതിനോ പ: സുന്നഹദോസിനു മാത്രം അധികാരമുള്ളതാകുന്നു.

**ഈ ഭരണഘടന 2007 ആഗസ്റ്റിൽ കൂടിയ**
**പരിശുദ്ധ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ്**
**അംഗീകരിച്ചിട്ടുള്ളതാകുന്നു.**